# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2094 — 01.02.2018 ൽ മറുപടിക്ക്

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഏത് വർഷത്തിലെ സ്റ്റാഫ് പാറ്റേണാണ് നിലവിൽ സർക്കാർ ആശുപത്രികളിലുള്ളത്; വ്യക്തമാക്കാമോ; | (എ) & (ബി) | സ്റ്റാഫ് പാറ്റേൺ 1961-ൽ നിലവിൽ വന്നതിനു ശേഷം ആരോഗ്യ രംഗത്ത് നൂതനമായ പല മാറ്റങ്ങൾ നടപ്പിൽ വരുത്തുകയുണ്ടായി. 2008-ൽ ഈ ഉത്തരവ് ഭേദഗതി ചെയ്തു. നിലവിൽ സർക്കാർ ആശുപത്രികളെയും ആരോഗ്യ സംവിധാനങ്ങളെയും രോഗീ സൗഹൃദമാക്കുന്നതിനുള്ള ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിച്ചു വരികയാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുകയും, ജില്ലാതല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടുകൂടി സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിച്ചു വരികയാണ്. മൂന്നു വർഷം കൊണ്ട് ആരോഗ്യ വകുപ്പിൽ 5257 തസ്തികകൾ സൃഷ്ടിക്കുമെന്ന് 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്മാരുടേയും ഡോക്ടർമാരുടെയും, ലാബ് ടെക്നീഷ്യൻമാരുടെയും, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ ആകെ കൂടി 830 തസ്തികകളും ജില്ലാ താലൂക്ക് ജനറൽ ആശുപത്രികളിലായി ആർദ്രം മിഷന്റെ ഭാഗമായി 197 സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ തസ്തികയും 84 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 ന്റെ തസ്തികയും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം വിവിധ സർക്കാർ ആശുപത്രികളിലായി 610 ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികയും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | ജനസംഖ്യാനുപാതികമായി ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ